പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2886** **15/02/2013 ൽ മറുപടിയ്ക്ക്**

**സർക്കാർ / എയ്ഡഡ് സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുമെന്ന പ്രഖ്യാപനം നടത്തുകയുണ്ടായോ ; അതിനായി 2012-13 -ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 64-ാം പേജിലെ 226-ാം ഖണ്ഡികയിൽ 200 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിരുന്നതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുയെന്ന് വിശദമാക്കുമോ ; | (എ) | സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 200 കോടി രൂപ വകയിരുത്തിയതായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2012-17 പ്രകാരം ഒന്നാം വർഷ പരിപാടിയിൽ (2012-13) 20 കോടി രൂപയാണ് പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി എല്ലാ അർത്ഥത്തിലും ഈ വർഷം നടപ്പിലാക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ ഇതിന്റെ ഭാഗമായി 4279 സ്കൂളുകളിൽ ടോയ്‌ലറ്റ്/ യൂറിനൽ യൂണിറ്റുകൾ നിർമ്മാണത്തിനും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുന്നതിനുമായി 2012-13 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 20 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ സ്കൂളുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയത്; പ്രസ്തുത സ്കൂളുകളിൽ എന്തെല്ലാം ഭൗതിക സാഹചര്യങ്ങൾ ഒരുക്കികൊടുത്തു ; അതിന്റെ ഫലമായി വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 4279 സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണവും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഏതു സ്കൂളിനെയാണ് തെരെഞ്ഞെടുത്തത്; എന്തെല്ലാം പ്രവർത്തനങ്ങൾ ഇതുവരെ നടത്തുകയുണ്ടായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | പാലക്കാട് ജില്ലയിൽ 364 സ്കൂളുകളിൽ 77 ടോയ്ലറ്റ് യൂണിറ്റുകളും 275 യൂറിനൽ യൂണിറ്റുകളും 40 സ്കൂളുകളിൽ കുടിവെള്ള നിർമ്മാണത്തിനുള്ള സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ